പതിമൂന്നാം കേരള നിയമസഭ

**പതിനാറാം സമ്മേളനം**

19-02-2016-ൽ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2571 മറുപടി നൽകേണ്ടത്

## ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഉപരിപഠനം

ചോദ്യം ഉത്തരം

ശ്രീ.കെ.എൻ.എ.ഖാദർ :
,, സി.മമ്മൂട്ടി :
,, പി.ഉബൈദുള്ള :
,, എൻ .എ.നെല്ലിക്കുന്ന് :

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | |
|---|---|
| എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഉപരിപഠനത്തിനു ചേരുന്ന കുട്ടികളുടെ അനുപാതത്തിൽ ദേശീയ ശരാശരിയേക്കാൾ സംസ്ഥാനം മുന്നിലെത്താൻ ഇടയാക്കിയ സാഹചര്യം വിശദമാക്കുമോ; | എ) ഉന്നത വിദ്യാഭ്യാസ മേഖലയിലെ സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് സ്വകാര്യ മേഖലയെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചും, നിലവിലുള്ള സർക്കാർ കോളേജുകളുടെ അടിസ്ഥാന സൌകര്യങ്ങൾ വികസിപ്പിച്ചും അദ്ധ്യാപകർക്ക് അന്താരാഷ്ട്ര നിലവാരത്തിനൊപ്പമുള്ള പരിശീലനങ്ങൾ നൽകാൻ അവസരമൊരുക്കിയതും കാലാകാലങ്ങളിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കർമ്മ പദ്ധതികളുമാണ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഉപരിപഠനത്തിനു ചേരുന്ന കുട്ടികളുടെ അനുപാതത്തിൽ ദേശീയ ശരാശരിയെക്കാൾ സംസ്ഥാനം മുന്നിലെത്താൻ സഹായിച്ചത്. |
| ബി) പ്രസ്തുത മേഖലക്കായി ഓരോ വർഷവും ചെലവിടുന്ന തുകയ്ക്ക് ആനുപാതികമായ വളർച്ച കൈവരിക്കുന്നുണ്ടോ എന്നു പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കുമോ; | ബി) പരിശോധിച്ചിട്ടില്ല |

| | |
|---|---|
| സി) പ്രസ്തുത രംഗത്തെ നേട്ടം നിലനിർത്താനും പരമാവധിയിലെത്തിക്കാനുമായി ഉന്നത വിദ്യാഭ്യാസരംഗത്തെ പ്രഗത്ഭൻമാരെ കൂടി ഈ മേഖലയിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കുമോ? | സി) ഉന്നത വിദ്യാഭ്യാസ കൗൺസിൽ സംഘടിപ്പിക്കുന്ന എല്ലാ പരിപാടികളിലും പദ്ധതികളിലും ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രഗത്ഭന്മാരെ ഉൾപ്പെടുത്താറുണ്ട്. |

സെക്ഷൻ ഓഫീസർ